"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.സിതാര രവീന്ദ്രനാഥ്, ജൂനിയർ കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.906/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 20.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2652/2023/H&FWD തീയതി,തിരുവനന്തപുരം, 12-10-2023**

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം.
2. ഡോ.സിതാര രവീന്ദ്രനാഥ്, ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച 17.06.2023 തീയതിയായ അപ്പീൽ (Annexure A5).
3. OA(EKM) No.906/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 20.06.2023-ലെ ഉത്തരവ്.
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റ്മാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ഒഫ്ത്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ . സിതാര രവീന്ദ്രനാഥ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും , ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.906/2023 ഫയൽ ചെയ്യുകയും ഉണ്ടായി . 20.06.2023- ലെ ഉത്തരവ് പ്രകാരം അപേക്ഷകയെയും 3 മുതൽ 5 വരെയുള്ള എതിർ കക്ഷികളെയും നേരിൽ

7491870

GOVERNMENT OF KERALA 2017-18

കേൾക്കുന്നതിനും പരാമർശം (2) അപ്പീൽ അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു .

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി 18.08.2023-ൽ അപേക്ഷകയെയും എതിർകക്ഷികളെയും നേരിൽ കേൾക്കുകയും അപേക്ഷക സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയും ചെയ്തിരുന്നു.

3) പാലക്കാട് ജില്ലാ ആശുപത്രി 1-ാം ഓപ്ഷനും, ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രി 2-ാം ഓപ്ഷനുമായി അപേക്ഷ സമർപ്പിക്കുകയും, കരട് സ്ഥലംമാറ്റ പട്ടികയിൽ പാലക്കാട് ജില്ലാ ആശുപത്രിയിൽ സ്ഥലംമാറ്റം ഉൾപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിലും, പരാമർശം (1) അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ ഒറ്റപ്പാലത്തേക്ക് സ്ഥലംമാറ്റം നൽകിക്കൊണ്ട് 5-ാം എതിർകക്ഷിയെ പാലക്കാട് ജില്ലാ ആശുപത്രിയിൽ നിയമിച്ചതായും മൂന്നും നാലും എതിർകക്ഷികൾ 6 വർഷമായി പാലക്കാട് ജില്ലാ ആശുപത്രിയിൽ തുടരുന്നതായും, പാലക്കാട് ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്നുംപരാമർശം (2) അപ്പീൽ അപേക്ഷയിൽ ടിയാൾ ആവശ്യപ്പെടുകയുണ്ടായി.

4) ടി വിഷയം കമ്മിറ്റി വിശദമായി പരിശോധിക്കുകയുണ്ടായി. അപേക്ഷക പാലക്കാട് ജില്ലാ ആശുപത്രി, ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രി എന്നീ സ്ഥാപനങ്ങളിലേയ്ക്കാണ് സ്ഥലംമാറ്റത്തിന് ഓപ്ഷൻ നൽകിയിരുന്നത്. ആയതിൽ ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സ്ഥലംമാറ്റം അനുവദിച്ചു. NBEMS guideline പ്രകാരം faculty status maintain ചെയ്യുന്നതിനായി MD/MS/DNB 8 വർഷ അനുഭവ പരിചയം ഉള്ള മെഡിക്കൽ ഓഫീസർമാരെ പാലക്കാട് ജില്ലാ ആശുപത്രിയിൽ നിലനിർത്തേണ്ടതുണ്ട്. അല്ലെങ്കിൽ പ്രസ്തുത യോഗ്യതയുള്ള മെഡിക്കൽ ഓഫീസറിനെ പകരം

നിയമിക്കേണ്ടതുണ്ട്. അപേക്ഷകയ്ക്ക് ടി യോഗ്യതയില്ലാത്തതിനാലാണ് പാലക്കാട് ജില്ലാ ആശുപത്രിലേയ്ക്ക് സ്ഥലം മാറ്റത്തിനു പരിഗണിക്കാതിരുന്നത്.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് ഡോ.സിതാര രവീന്ദ്രനാഥ് സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.906/2023-ന്മേലുള്ള 20.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്.

Dr.Sitara Ravindranath, Junior Consultant (Ophthalmology), Devikripa, Ambattupalayam, Chittur College (PO), Palakkad - 678 104,

Dr. Geetha V.K.P., Junior Consultant (Ophthalmology),District Hospital, Sultanpet, Palakkad - 678001.

Dr. Nayana Ramankutty, Junior Consultant (Ophthalmology),District Hospital, Sultanpet, Palakkad - 678001.

Dr. Divya. V., Junior Consultant(Ophthalmology), Taluk HeadQuarters Hospital, Mannarkkad, Palakkad - 678582.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 12-10-2023 21:37:17

മേലെഴുത്ത് നം. ഇ.എ1- 5160/2023/ആ.വ.ഡ, തീയതി 13.10.2023

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയറക്ടർക്കു വേണ്ടി

491868

GOVERNMENT OF KERALA 2017-18